LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കെ. ചന്ദ്രൻ: സർ, 2001-ൽ അന്നത്തെ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഈ അസംബ്ളിയിൽ അന്നത്തെ ബഹുമാന്യനായ മന്ത്രി പ്രഖ്യാപിക്കപ്പെട്ട ഒരു താലൂക്കാണ് പട്ടാമ്പി താലൂക്ക്. അതോടൊപ്പം തന്നെ പട്ടാമ്പിയിൽ ഒരു മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചു. അന്നത്തെ റവന്യൂ വകുപ്പുമന്ത്രിയായ ശ്രീ. കെ. ഇ. ഇസ്മയിൽ ആണ് ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്. പിന്നീട് തുടർ നടപടികളൊന്നും തന്നെ ആരംഭിച്ചില്ല. പട്ടാമ്പി കേന്ദ്രമായി പട്ടാമ്പി താലൂക്ക് പ്രഖ്യാപിക്കണമെന്ന് വളരെക്കാലമായി അവിടത്തെ ജനങ്ങൾ ഉയർത്തിക്കൊണ്ടുവരുന്ന ആവശ്യമാണ്. കേരളത്തിലെ ജനസാന്ദ്രതയേറിയ താലൂക്കുകളിൽ ഒന്നാണ് ഒറ്റപ്പാലം താലൂക്ക്. ഈ താലൂക്കിനെ വിഭജിച്ച് പട്ടാമ്പി താലൂക്കാക്കി മാറ്റാനാവശ്യമായ നടപടി യുണ്ടാകണം. അതോടൊപ്പംതന്നെ കഴിഞ്ഞ കുറേക്കാലങ്ങളായി പ്രവർത്തന സാധ്യമായിരുന്ന പട്ടാമ്പി താലൂക്കിന് വേണ്ടിയുള്ള മിനി സിവിൽ സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കപ്പെട്ടിട്ടുണ്ട്. അതുകൊണ്ട് അടിയന്തിരമായും പട്ടാമ്പി താലൂക്ക് പ്രഖ്യാപിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): വാസ്തവത്തിൽ താലൂക്കിനുള്ള പ്രഷർ എത്രമാത്രമുണ്ടെന്ന് ഇപ്പോഴാണ് മനസ്സിലായത്. എത്രയോ മെമ്പർമാർ താലൂക്കിനുവേണ്ടി ആഗ്രഹിക്കുന്നു. എന്റെ ആത്മ മിത്രങ്ങളായ ശ്രീ. സി. പി. മുഹമ്മദും ശ്രീ. വി. കെ. ചന്ദ്രനും പട്ടാമ്പി താലൂക്ക് രൂപീകരണത്തെക്കു റിച്ച് പലതവണ പറഞ്ഞിട്ടുണ്ട്. അതുപോലെ എന്റെ മുൻഗാമിയായിരുന്ന ശ്രീ. കെ. ഇ. ഇസ്മയിലിന് അദ്ദേഹത്തിന്റെ സ്വന്തം നിയോജകമണ്ഡലമായ പട്ടാമ്പിയിൽ ഒരു താലൂക്ക് ഉണ്ടാക്കാൻ പറ്റാതെ പോയി. അത് തീർച്ചയായും ഉണ്ടാകണം. യാതൊരു സംശയവുമില്ല. അന്ന് ഗവൺമെന്റ് കുറെ താലൂക്കുകൾ പ്രഖ്യാപിച്ചിരുന്നു. അതിൽ പട്ടാമ്പിയും ഉണ്ടായിരുന്നു. എനിക്ക് കമ്മീഷന്റെ റിപ്പോർട്ട് വന്നിട്ടില്ല. ഞാൻ പല തവണ പല തലത്തിൽ ചർച്ച ചെയ്യുകയുണ്ടായി ഒരു കാര്യം ഞാൻ ബഹുമാനപ്പെട്ട സി. പി. മുഹമ്മദിനോടും ബഹുമാനപ്പെട്ട ചന്ദ്രനോടും ബഹുമാനപ്പെട്ട രാജേന്ദ്രനോടും പറയാം. ശ്രീ. ഇസ്മയിൽ ആഗ്രഹിച്ചതുപോലെ തന്നെ എനിക്കും ആ കാര്യത്തിൽ വലിയ ആഗ്രഹമുണ്ട്. ഗവൺമെന്റ് താലൂക്കുകൾ രൂപീകരിക്കുമ്പോൾ തീർച്ചയായും പട്ടാമ്പികൂടി ഉൾപ്പെടുത്തും. കേരളത്തിൽ എറ്റവും കൂടുതൽ അർഹതയുള്ള ഒരു താലൂക്ക് പട്ടാമ്പിയാണെന്നാണ് എന്റെ അഭിപ്രായം.

(15) ചിക്കൽപ്പടി - കാഞ്ഞിരപ്പുഴ റോഡ്

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, എന്റെ നിയോജകമണ്ഡലത്തിലെ കാഞ്ഞിരപ്പുഴ, തച്ചംപാറ പഞ്ചായത്തുകളിലെ അമ്പതിനായിരത്തോളം ജനങ്ങൾ ഉപയോഗിക്കുന്ന കാഞ്ഞിരപ്പുഴ - ചിക്കൽപ്പടി റോഡ് തകർന്നിട്ട് 15 വർഷമായി.

ഇത് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ റോഡാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അടിയന്തിരമായി ഈ റോഡിന് ഫണ്ട് അനുവദിച്ചുകൊണ്ട് ഈ പ്രദേശത്തെ ജനങ്ങളുടെ യാത്രാദുരിതം അവസാനിപ്പിക്കണമെന്ന് വിനയപൂർവ്വം അദ്ദേഹത്തോടും സഭയോടും അഭ്യർത്ഥിക്കുന്നു.

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ചിക്കൽപ്പടി-കാഞ്ഞിരപ്പുഴ റോഡ് കാഞ്ഞിരപ്പുഴ ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ അധീനതയിലാണ്. അത് ശരിയാണ് ഈ റോഡിൽക്കൂടി ഇപ്പോൾ നിരവധി ബസ് സർവ്വീസുകൾ നടത്തുന്നുണ്ട്. ഈ റോഡ് പൊട്ടിപ്പൊളിഞ്ഞ് കിടക്കുകയാണ്; അതിന്റെ ഇപ്പോഴത്തെ അവസ്ഥ വളരെ ദയനീയമാണ്. ഡാമിന്റെ മെയിന്റനൻസ് നടത്തിവരുന്നു. ഈ റോഡ് ശരിയാക്കണമെങ്കിൽ 20 ലക്ഷം രൂപ വേണ്ടിവരും. ഞങ്ങൾക്ക് തുക ഇല്ലാത്തതാണ് പ്രശ്നം. എന്നാൽപ്പോലും ശ്രീ. കളത്തിൽ അബ്ദുള്ളയുടെ നിർബന്ധപൂർവ്വമായ ആവശ്യം പരിഗണിച്ച് സാമ്പത്തിക സ്ഥിതിയുടെ രൂപമനു സരിച്ച് പരമാവധി സഹായം ചെയ്യുന്നതാണ്.

(16) കഞ്ചിക്കോട് മേഖലയിൽ ഇരുമ്പുരുക്ക് കമ്പനികൾ ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, പാലക്കാട് ജില്ലയിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിൽ 36 ഇരുമ്പുരുക്ക് കമ്പനികൾ പ്രവർത്തിക്കുന്നതിന്റെ ഭാഗമായി ഗുരുതരമായ പരിസ്ഥിതി പ്രശ്നം അവിടെ ഉയർന്നുവന്നിരിക്കുകയാണ്. ജനങ്ങൾക്ക് അവിടെ ജീവിക്കാൻ സാധിക്കാത്ത സ്ഥിതിവിശേഷമാണ് ഉയർന്നു വന്നിരിക്കുന്നത്. കരിപ്പൊടി വെള്ളത്തിൽ കലരുന്നതിനാൽ കുടിവെള്ളംപോലും ലഭ്യമാകാത്ത സ്ഥിതിവിശേഷമുണ്ടായിട്ടും പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ 13-ാം വാർഡിൽ 16 കമ്പനികളാണ് പ്രവർത്തിക്കുന്നത്. ജനവാസ കേന്ദ്രങ്ങളിൽ ഒരു കാരണവശാലും പ്രവർത്തനാനുമതി കൊടുക്കാൻ പറ്റാത്ത കമ്പനികളാണ് അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ പുതുതായി 12 കമ്പനികൾ ലൈസൻസ് ആവശ്യപ്പെട്ടു. പഞ്ചായത്ത് അത് മുഴുവൻ നിഷേധിച്ചു. പക്ഷേ ഇൻഡസ്ട്രീസ് ട്രിബ്യൂണൽ മുഖാന്തിരം അത് വീണ്ടും അവിടെ പ്രവർത്തനമാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുകയാണ്. കേരള സ്പോഞ്ച് അയൺ എന്ന ഒരു പുതിയ കമ്പനി അവിടെ പ്രവർത്തനമാരംഭിക്കാൻ പോകുകയാണ്. ഈ കമ്പനി പ്രവർത്തനമാരംഭിച്ചാൽ മലമ്പുഴ ഡാമാണ് മലിനീകരിക്കപ്പെടുക. ലക്ഷക്കണക്കിന് ആൾക്കാർക്ക് കുടിവെള്ളം നഷ്ടപ്പെടും. പാലക്കാട് ജില്ലയിലെ കിഴക്കൻ മേഖലയിലെ ജലസേചനമുൾപ്പെടെ തകരാറാകുന്ന സ്ഥിതിവിശേഷമാണ് ഉയർന്നു വരിക. വൈദ്യുതിയാണ് ഈ കമ്പനികളുടെ അസംസ്കൃത വസ്തുവായി ഉപയോഗിക്കുന്നത്. കോടിക്കണക്കിന് രൂപ കെ.എസ്.ഇ.ബി.-ക്ക് ഉൾപ്പെടെ

LIBRARY ARCHIVES Kerala Legislative Assembly